"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ശ്രീമതി ഹേമ എസ്.-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1992/2026/LSGD    തീയതി,തിരുവനന്തപുരം, 25-10-2026

---

പരാമർശം:-

1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 10/07/2026-ലെ 396/എസ്റ്റാ.1/2026/ജിസിഡിഎ നമ്പർ കത്ത്.
2. 09/12/2015-ലെ ഡി.പി.സി. യോഗത്തിന്റെ മിനിറ്റ്സ്.
3. 28/01/2016-ലെ വിശാല കൊച്ചി വികസന അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

വിശാലകൊച്ചി വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിയിലേയ്ക്ക് ശ്രീമതി ഹേമ എസ്.-ന് പരാമർശം (2), (3) എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു എന്നും പ്രസ്തുത സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (1) പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് (ഡെവലപ്പ്മെന്റ് അതോറിറ്റീസ്) റൂൾസ് 2015-ലെ അദ്ധ്യായം IV ചട്ടം (9), ചട്ടം 12 (1) (a), ചട്ടം 12 (1) (b), ചട്ടം 12 (1) (c), ചട്ടം 14(1), ചട്ടം 14(2) എന്നിവ പ്രകാരവും, അതോറിറ്റിക്ക് അനുവദിച്ച് നല്കിയിട്ടുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ 6-ാമത്തെ വ്യവസ്ഥ പ്രകാരവും ടി സ്ഥാനക്കയറ്റം ക്രമപ്രകാരമാണ് എന്ന് കാണുന്നതിനാലും പരാമർശം (2)-പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസ്തുത സ്ഥാനക്കയറ്റം സാധൂകരിച്ചിട്ടുള്ളതിനാലും വിശാല കൊച്ചി വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിയിലേയ്ക്ക് ശ്രീമതി ഹേമ എസ്.-ന് പരാമർശം (2) പ്രകാരം സ്ഥാനക്കയറ്റം നൽകിയ വിശാല കൊച്ചി വികസന അതോറിറ്റിയുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ)/(ജി &എസ്.എസ്.എ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA3/92/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 25-10-2026
14:52:37

സെക്ഷൻ ഓഫീസർ